**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6075** **20.11.2019-ൽ മറുപടിയ്ക്ക്**

## ഗോത്രവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള നടപടികൾ

**ചോദ്യം**

**ശ്രീ.കെ.ജെ. മാക്സി**

**മറുപടി**

**എ.കെ.ബാലൻ**

**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പാരമ്പര്യ അറിവുകളുടെയും വിജ്ഞാന സമ്പത്തിന്റെയും ഉടമകളായ വനമേഖലകളെ ആശ്രയിച്ച്, വനമേഖലകളിൽ കഴിയുന്ന ഗോത്രവർഗ്ഗക്കാരെ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | എ) | ഉണ്ട്. വനമേഖലയിലെ ഗോത്രവിഭാഗക്കാരെക്കുറിച്ചും, പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ താമസിക്കുന്ന ഇരുള സമുദായത്തിന്റെ ഭൂവിനിയോഗവും വിഭവങ്ങളിലുള്ള നിയന്ത്രണവും സാധ്യതയെയും കുറിച്ചും, വിവിധ പട്ടികവർഗ്ഗ സമുദായങ്ങളുടെ ഭാഷയെകുറിച്ചും, കേരളത്തിലെ പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങളായ കാട്ടുനായ്ക്കൻ, കുറുമ്പർ, ചോലനായ്ക്കൻ, കാടർ, കൊറഗർ എന്നീ പട്ടികവർഗ്ഗ സമുദായങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട വിലയിരുത്തൽ പഠനവും, അട്ടപ്പാടിയിലെ പട്ടികവർഗ്ഗ സമുദായങ്ങളുടെ പരമ്പരാഗത കൃഷിയെ സംബന്ധിച്ച പഠനവും കിർത്താഡ്സ് നടത്തിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം മുൻനിർത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി 2008-ൽ സാമൂഹ്യ സാമ്പത്തിക സർവ്വേ . നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. പദ്ധതി ആസൂത്രണത്തിന് നിലവിലെ സ്ഥിതി വിവരങ്ങൾ അനിവാര്യമായതിനാൽ പ്രസ്തുത റിപ്പോർട്ട് പുതുക്കുന്നതിന് ജി.ഐ.എസ് അടിസ്ഥാനമാക്കി ആൻഡ്രോയ്ഡ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ പ്രത്യേക സോഫ്റ്റ് വെയറിൽ 2018-19 മുതൽ സോഷ്യോ-ഇക്കണോമിക് സർവ്വേയിലൂടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ആയതിന്റെ ഡേറ്റാ വാലിഡേഷൻ പുരോഗമിച്ച് വരുന്നു. |
| ബി) | വനവിഭവ ശേഖരണങ്ങൾക്കും വനസംരക്ഷണങ്ങൾക്കും അവരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ടോ; | ബി) | വനവിഭവ ശേഖരത്തിനുള്ള അനുമതി പട്ടികവർഗ്ഗക്കാർക്കാണ് നൽകിയിട്ടുള്ളത്. പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ മുഖേനയും, വനസംരക്ഷണ |

| | | | |
|---|---|---|---|
| | വിശദാംശം വ്യക്തമാക്കുമോ; | | സമിതി മുഖേനയുമാണ് വനവിഭവങ്ങൾ ശേഖരിച്ചു വരുന്നത്. നിലവിൽ 30 പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ വനവിഭവങ്ങൾ ശേഖരിക്കുകയും സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷൻ വഴി വിപണനം നടത്തി വരുന്നു. |
| സി) | അവരിലെ ആദിവാസി സമൂഹത്തിൽ എത്ര പേർ വനമേഖലകളിലുണ്ട്; വ്യക്തമാക്കുമോ; | സി) | 2013-ൽ പ്രസിദ്ധീകരിച്ച സോഷ്യോ എക്കോമിക് സർവ്വേ പ്രകാരം വനമേഖലകൾക്കുള്ളിൽ 1518 സെറ്റിൽമെന്റിൽ 43466 പേർ താമസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| ഡി) | അവരുടെ ക്ഷേമത്തിനും സംരക്ഷണങ്ങൾക്കുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും അതിനായി ഓരോ സാമ്പത്തിക വർഷവും എത്ര തുക വകയിരുത്തിയെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | ഡി) | വനമേഖലയിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള ക്ഷേമത്തിനും സംരക്ഷണത്തിനുമായി വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• ഭവനനിർമ്മാണ പദ്ധതി<br>• ഭൂമി ലഭ്യമാക്കുന്നതിനുള്ള പദ്ധതി<br>• അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി<br>• തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി<br>• സാമൂഹ്യപഠനമുറി<br>• തൊഴിലുറപ്പിൽ കേരള ട്രൈബൽ പ്ലസ്<br>• മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ<br>• മില്ലറ്റ് വില്ലേജ് പദ്ധതി<br>• കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി<br>• ഗോത്രവാത്സല്യനിധി<br>• ഗോത്രസാരഥി<br>• അട്ടപ്പാടി അപ്പാരൽ പാർക്ക്<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗക്കാരുടെ വികസന പ്രവർത്തനങ്ങൾക്കായി |

<table>
<tr><td></td><td></td><td></td><td>വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br><table><tr><td>വർഷം</td><td>വകയിരുത്തിയ തുക</td><td>ചെലവഴിച്ച തുക</td></tr><tr><td>2016-17</td><td>66746.40 ലക്ഷം</td><td>57775.03 ലക്ഷം</td></tr><tr><td>2017-18</td><td>71349.02 ലക്ഷം</td><td>55095.40 ലക്ഷം</td></tr><tr><td>2018-19</td><td>65399.99 ലക്ഷം</td><td>52806.29 ലക്ഷം</td></tr></table></td></tr>
<tr><td>ഇ)</td><td>പ്രസ്തുത തുക വിനിയോഗത്തിലും തുടർ പ്രവർത്തനങ്ങളിലും വീഴ്ച വരുത്തിയതായി എത്ര കേസ്സുകൾ കണ്ടെത്തി എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?</td><td>ഇ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തുക വിനിയോഗത്തിലും തുടർ പ്രവർത്തനങ്ങളിലും വീഴ്ച വരുത്തിയ രണ്ട് പേർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ